# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ജൂൺ 1

# വാർത്താക്കുറിപ്പ്

## ഏകജാലക പ്രവേശന നടപടികളിലും അതിവേഗം; എം.ജിയിൽ ഒന്നാംഘട്ട ബിരുദ അലോട്ട്മെന്റായി

ബിരുദപ്രവേശന നടപടികൾ അതിവേഗത്തിൽ പൂർത്തീകരിച്ച് ഏകജാലകത്തിലൂടെയുള്ള ഒന്നാംഘട്ട അലോട്ട്മെന്റ് നിശ്ചയിച്ച തീയതിക്ക് അഞ്ചുദിവസം മുമ്പ് പ്രസിദ്ധീകരിച്ച് മഹാത്മാഗാന്ധി സർവകലാശാല. ജൂൺ ആറിന് പ്രസിദ്ധീകരിക്കാനിരുന്ന ഒന്നാംഘട്ട യു.ജി. അലോട്ട്മെന്റാണ് ഇന്നലെ (ജൂൺ 1) പ്രസിദ്ധീകരിച്ചത്. സംസ്ഥാനത്ത് ഏകജാലകത്തിലൂടെ ഈ അധ്യയന വർഷം ആദ്യം ബിരുദ പ്രവേശനം നടത്തുന്ന സർവകലാശാലയായി എം.ജി.

പ്രവേശനത്തിന് അർഹത നേടിയവർ അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുത്ത്, ഓൺലൈനായി സർവകലാശാല അക്കൗണ്ടിൽ ഫീസടച്ച് ജൂൺ 10ന് വൈകീട്ട് 4.30നകം അലോട്ട്മെന്റ് ലഭിച്ച കോളേജിൽ പ്രവേശനം നേടണം. യോഗ്യത തെളിയിക്കുന്ന അസൽ രേഖകൾ കോളേജിൽ ഹാജരാക്കണം. ജൂൺ 10നകം ഫീസടയ്ക്കാത്തവരുടെയും ഫീസടച്ചശേഷം കോളേജിൽ പ്രവേശനം നേടാത്തവരുടെയും അലോട്ട്മെന്റ് റദ്ദാകും. തുടർന്നുള്ള അലോട്ട്മെന്റിന് ഇവരെ പരിഗണിക്കില്ല. അപേക്ഷകർ ലഭിച്ച ആദ്യ അലോട്ട്മെന്റിൽ തൃപ്തരാണെങ്കിൽ അവശേഷിക്കുന്ന ഹയർ ഓപ്ഷനുകൾ റദ്ദാക്കണം. ഉയർന്ന ഓപ്ഷനുകൾ നിലനിർത്തിയാൽ തുടർന്നുള്ള അലോട്ട്മെന്റിൽ മാറ്റം വരാം. ഇങ്ങനെ മാറ്റം ലഭിച്ചാൽ പുതിയ അലോട്ട്മെന്റ് നിർബന്ധമായും സ്വീകരിക്കണം. മാറ്റം ലഭിക്കുന്നവർ പുതുതായി ഫീസടയ്ക്കേണ്ടതില്ല. ആദ്യ അലോട്ട്മെന്റ് നഷ്ടപ്പെടും.

ജൂൺ 11ന് ഓപ്ഷനുകൾ പുനഃക്രമീകരിക്കാൻ സൗകര്യം ലഭിക്കും. ഹയർ ഓപ്ഷൻ നിലനിർത്താനാഗ്രഹിക്കുന്നവരൊഴിച്ച് മറ്റുള്ളവർ കോളേജുകളിൽ നിശ്ചിത ട്യൂഷൻ ഫീസടച്ച് സ്ഥിരപ്രവേശനം ഉറപ്പുവരുത്തണം. വിവിധ പ്രോഗ്രാമുകളിലേക്കുള്ള ഫീസ് സംബന്ധിച്ച ഉത്തരവുകൾ ക്യാപ് വെബ്സൈറ്റിൽ ലഭിക്കും. സർവകലാശാല നിഷ്ക്കർഷിച്ചതിനെക്കാൾ കൂടുതൽ ഫീസ് ഈടാക്കുന്ന കോളേജുകൾക്കെതിരെ ശിക്ഷാനടപടി സ്വീകരിക്കും. ഒന്നാം വർഷ ബിരുദ ക്ലാസുകൾ ജൂൺ 24ന് ആരംഭിക്കും.

(പി.ആർ.ഒ./39/989/2019)

## എം.ജി. പി.ജി. പ്രവേശനം; ഇന്നുകൂടി അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിൽ ബിരുദാനന്തര ബിരുദ പ്രവേശനത്തിന് ഏകജാലകം വഴി ഇന്നുകൂടി (ജൂൺ 2) ഓൺലൈൻ രജിസ്ട്രേഷൻ നടത്താം. www.cap.mgu.ac.in എന്ന വെബ്സൈറ്റിലൂടെ രാത്രി 11 വരെ അപേക്ഷിക്കാം. ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് സർവകലാശാലയിൽ നൽകേണ്ടതില്ല. ആദ്യ അലോട്ട്മെന്റ് ജൂൺ ഏഴിന് പ്രസിദ്ധീകരിക്കും. പി.ജി. ക്ലാസുകൾ ജൂൺ 17ന് ആരംഭിക്കും.

(പി.ആർ.ഒ./39/989/2019)

## വൈവാവോസി

നാലാം സെമസ്റ്റർ എം.എ. ഹിസ്റ്ററി (സി.എസ്.എസ്.) ഏപ്രിൽ/മെയ് 2019 പരീക്ഷയുടെ പ്രോജക്ട് മൂല്യനിർണയവും വൈവാവോസിയും ജൂൺ ഏഴുമുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/989/2019)

നാലാം സെമസ്റ്റർ എം.എ. മലയാളം (പ്രൈവറ്റ്) ഫെബ്രുവരി/മാർച്ച് 2019 പരീക്ഷയുടെ പ്രോജക്ട് മൂല്യനിർണയവും വൈവാവോസിയും ജൂൺ 13, 14 തീയതികളിൽ കുറവിലങ്ങാട് ദേവമാതാ കോളേജിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/989/2019)

## എം.എസ്.ഡബ്ല്യു. ഉത്തരക്കടലാസ് സൂക്ഷ്മപരിശോധന

2018 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ്.ഡബ്ല്യു. പി.ജി. സി.എസ്.എസ്. പരീക്ഷകളുടെ ഉത്തരക്കടലാസ് സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചവർ ജൂൺ മൂന്ന്, നാല്, ആറ് തീയതികളിൽ അസൽ തിരിച്ചറിയൽ രേഖയുമായി സിൽവർ ജൂബിലി പരീക്ഷഭവനിലെ 226-ാം നമ്പർ മുറിയിൽ എത്തണം.

(പി.ആർ.ഒ./39/989/2019)

## പരീക്ഷഫലം

2018 നവംബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ്സി. ഫൈറ്റോ മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജി (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 15 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/989/2019)

2018 നവംബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ്സി. ഓപ്പറേഷൻസ് റിസർച്ച് ആന്റ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 15 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/989/2019)

2018 ഡിസംബറിൽ നടന്ന ഏഴ്, എട്ട് സെമസ്റ്റർ ബി.ടെക് സപ്ലിമെന്ററി (പുതിയ സ്കീം) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 17 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/989/2019)

2018 ഒക്ടോബറിൽ നടന്ന ഒന്നും രണ്ടും സെമസ്റ്റർ ബി.എ. സി.ബി.സി.എസ്.എസ്. (സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്) പ്രൈവറ്റ് രജിസ്ട്രേഷൻ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 15 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/989/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ

# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ജൂൺ 1

# വാർത്താക്കുറിപ്പ് 2

## പരീക്ഷഫലം

2019 മാർച്ചിൽ നടന്ന അഞ്ച് , ആറ് സെമസ്റ്റർ ബി .കോം(സി.ബി.സി.എസ്.എസ്. റഗുലർ/സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്- പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു . പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 17 വരെ അപേക്ഷിക്കാം . വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/990/2019)

2019 മാർച്ചിൽ നടന്ന അഞ്ച് , ആറ് സെമസ്റ്റർ ബി .എ. (സി.ബി.സി.എസ്.എസ്. റഗുലർ, ഇംപ്രൂവ്മെന്റ്- പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു . പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 17 വരെ അപേക്ഷിക്കാം . വിശദവിവരം സർവകലാശാല വെബ് സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/991/2019)

2018 ഒക്ടോബറിൽ നടന്ന മൂന്നാം സെമസ്റ്റർ ബി.എസ് സി. (സി.ബി.സി.എസ്.എസ്. മോഡൽ I, II, III) സപ്ലിമെന്ററി (2013-16 അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു . പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 12 വരെ അപേക്ഷിക്കാം . വിശദവിവരം സർവക ലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/992/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ